പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 7604

23.07.2012 -ലെ മറുപടിയ്ക്ക്

# ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർവീസ് പെൻഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന സർക്കാരിൻ കീഴിലുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർവീസ് പെൻഷൻ നടപ്പിലാക്കാത്തതിനാൽ മികച്ച ശാസ്ത്രജ്ഞന്മാരെ ഈ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് വിഘാതം നേരിടുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർവ്വീസ് പെൻഷൻ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ; ആയതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ? | (എ) & (ബി)<br><br>ഉണ്ട്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ജീവനക്കാർക്ക് പെൻഷൻ നടപ്പിലാക്കുന്നത് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് 01.03.2011-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 1/ 2011 /ശാ.സാ.വ. പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവനുസരിച്ച് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ